# കേരള നിയമസഭ
# 18.06.2012-ലെ മറുപടിക്ക്

പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം
2012 ജൂൺ 18, തിങ്കൾ
നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങൾ
(ആകെ ചോദ്യങ്ങൾ- 329)

| മറുപടി നൽകുന്ന മന്ത്രിമാർ | ചോദ്യനമ്പർ |
|---|---|
| മുഖ്യമന്ത്രി | 1541 മുതൽ 1633 വരെ |
| മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി | 1634 മുതൽ 1694 വരെ |
| ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി | 1695 മുതൽ 1761 വരെ |
| ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി | 1762 മുതൽ 1869 വരെ |

<u>ഭരണഭാഷ മലയാളമാക്കുന്നതിന് നടപടി</u>

1541 ശ്രീ. പി. കെ. ബഷീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഭരണഭാഷ മലയാളമാക്കി ഉത്തരവ് പുറപ്പെടുവിച്ചതിനുശേഷം ഏതെല്ലാം വകുപ്പുകളിൽ ആയത് നടപ്പിൽ വരുത്തിയിട്ടുണ്ട് ; വിശദമാക്കുമോ ;

(ബി) ഭരണഭാഷ മലയാളമാക്കിക്കൊണ്ടുള്ള ഉത്തരവ് പല വകുപ്പുകളിലും പാലിക്കപ്പെടുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഭരണസിരാകേന്ദ്രമായ സെക്രട്ടേറിയറ്റിൽ എത്ര ഫയലുകൾ മലയാളത്തിൽ കൈകാര്യം ചെയ്തുവെന്ന് വിശദമാക്കുമോ ;

(ഡി) കാലക്രമത്തിൽ കോടതി നടപടി ക്രമങ്ങളും ഉത്തരവുകളും സാധാരണക്കാർക്ക് മനസ്സിലാകുന്നതിന് മലയാള ഭാഷയിലാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ ആയതിന്റെ പുരോഗതിയും വിശദാംശങ്ങളും വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 18.06.2012-ലെ മറുപടിക്ക്

<u>സെക്രട്ടേറിയറ്റിലെ സെക്യൂരിറ്റി ഗാർഡ്</u>

1542 ശ്രീ. പി. ശ്രീരാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സെക്രട്ടേറിയറ്റ് പൊതുഭരണ വകുപ്പിൽ സെക്യൂരിറ്റി ഗാർഡ് തസ്തികയിൽ സെക്യൂരിറ്റി ഗാർഡ് ഗ്രേഡ് -II സീനിയോറിറ്റി ലിസ്റ്റ് നിലവിലുണ്ടോ;

(ബി) ഉണ്ടെങ്കിൽ ശ്രീ. വിജയകുമാരൻ തമ്പിയുടെ സീനിയോറിറ്റി നമ്പർ എത്രയാണ്;

(സി) ഇയാൾക്ക് പ്രമോഷൻ ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതു തസ്തികയിലേക്ക് എന്നും ശമ്പള സ്കെയിലും വിശദമാക്കാമോ;

(ഡി) പ്രമോഷന് നിശ്ചയിച്ചിരിക്കുന്ന അടിസ്ഥാന യോഗ്യതകൾ എന്തൊക്കെയാണ്; വിശദമാക്കാമോ;

(ഇ) സീനിയോറിറ്റി ലിസ്റ്റിൽ ടിയാന് മുകളിലുള്ള എത്ര പേർക്ക് പ്രസ്തുത പോസ്റ്റിൽ പ്രമോഷൻ ലഭിച്ചിട്ടുണ്ട്; ടിയാന് മുകളിൽ പ്രമോഷൻ ലഭിക്കാതെ ആരെങ്കിലും ലിസ്റ്റിൽ ശേഷിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ എത്ര; വിശദമാക്കാമോ;

(എഫ്) സെക്യൂരിറ്റി ഗാർഡുമാരിൽ ഗ്രേഡ്-I,II എന്നിവ കൂടാതെ ഹെഡ്ഗാർഡുമാർക്ക് പുതിയ ശമ്പള സ്കെയിൽ അനുവദിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

# കേരള നിയമസഭ
# 18.06.2012-ലെ മറുപടിക്ക്

<u>മലബാറിൽ സെക്രട്ടേറിയറ്റ് അനക്സ്</u>

1543 ശ്രീ. റ്റി. എ. അഹമ്മദ് കബീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സെക്രട്ടേറിയറ്റ് അനക്സ് മലബാറിൽ സ്ഥാപിക്കുന്ന കാര്യം പരിഗണനയിലുണ്ടോ;

(ബി) ഉണ്ടെങ്കിൽ ആയത് സ്ഥാപിക്കുന്നതിനാവശ്യമായ സത്വര നടപടികൾ സ്വീകരിക്കുമോ;

(സി) ഇല്ലെങ്കിൽ ജനസംഖ്യാപരമായി മുൻപന്തിയിലുള്ള മലബാറിൽ സെക്രട്ടേറിയറ്റ് അനക്സ് സ്ഥാപിക്കുന്നകാര്യം പരിഗണിക്കുമോ?

# കേരള നിയമസഭ
# 18.06.2012-ലെ മറുപടിക്ക്

<u>സെക്രട്ടേറിയറ്റിലെ ഭൂഗർഭ സ്വാതന്ത്ര്യ സ്മാരകം</u>

1544 ശ്രീ. തോമസ് ചാണ്ടി
,, എ. കെ. ശശീന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സെക്രട്ടേറിയറ്റ് ഡർബാർ ഹാളിന്റെ മുൻവശത്ത് നിർമ്മിച്ച ഭൂഗർഭ സ്വാതന്ത്ര്യ സ്മാരകത്തിന് ചെലവായ തുക എത്ര എന്ന് പറയാമോ ;

(ബി) പ്രസ്തുത സ്മാരകത്തിന്റെ നിലവിലെ സ്ഥിതിയെന്താണെന്ന് വെളിപ്പെടുത്താമോ ;

(സി) കാഴ്ചഭംഗി വരുത്തി പുന: നിർമ്മിക്കുവാൻ വേണ്ടി നിർദ്ദേശം സമർപ്പിയ്ക്കുവാൻ ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായുള്ള വിദഗ്ദ്ധ സമിതിയെ നിയമിക്കുവാൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 18.06.2012-ലെ മറുപടിക്ക്

<u>സര്‍ക്കാര്‍ ഓഫീസിലെ മൊബൈല്‍ ഫോണ്‍ നിരോധനം</u>

1545 ശ്രീ. ജെയിംസ് മാത്യു

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സര്‍ക്കാര്‍ ഓഫീസുകളില്‍ മൊബൈല്‍ ഫോണ്‍ ഉപയോഗിക്കുന്നത് നിരോധിച്ചിട്ടുണ്ടോ ; ഇതുമായി ബന്ധപ്പെട്ട് എന്തെങ്കിലും നിര്‍ദ്ദേശങ്ങള്‍ പുറപ്പെടുവിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കില്‍ ആയതിന് ഇടയാക്കിയ സാഹചര്യം വിശദമാക്കാമോ ;

(സി) സര്‍ക്കാര്‍ തന്നെ 'സിം കാര്‍ഡ്' നല്‍കിയിട്ടുള്ള ഉദ്യോഗസ്ഥന്മാര്‍ ഇക്കാര്യത്തില്‍ സ്വീകരിക്കേണ്ട നിലപാട് വ്യക്തമാക്കിയിട്ടുണ്ടോ ;

(ഡി) ഓഫീസുകളിലെ ലാന്റ് ഫോണുകളില്‍ വിളിച്ച് ഫയല്‍ സംബന്ധമായ കാര്യങ്ങള്‍ മനസ്സിലാക്കുന്നതിന് എല്ലാ ഓഫീസുകളിലും സംവിധാനം ഒരുക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 18.06.2012-ലെ മറുപടിക്ക്

<u>വയനാട് ന്യൂട്രീഷൻ പദ്ധതി</u>

1546 ശ്രീ. എം. വി. ശ്രേയാംസ് കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഐ.എം.ജി. യുടെ നേതൃത്വത്തിൽ വയനാട് ന്യൂട്രിഷൻ പദ്ധതി നടപ്പാക്കുന്നുണ്ടോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ ലക്ഷ്യങ്ങൾ എന്തൊക്കെയാണ് ;

(സി) പ്രസ്തുത പദ്ധതി ആരാണ് ഫെസിലിറ്റേറ്റ് ചെയ്യുന്നതെന്ന് പറയാമോ ;

(ഡി) പ്രസ്തുത പദ്ധതിയുടെ പഠന റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ ?

# കേരള നിയമസഭ
## 18.06.2012-ലെ മറുപടിക്ക്

<u>പാങ്ങപ്പാറയിലെ തോടു നികത്തൽ</u>

1547 ശ്രീ. മോൻസ് ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം പാങ്ങപ്പാറ വില്ലേജിൽ തോടു നികത്തിയതുമായി ബന്ധപ്പെട്ട് ശ്രീ.കെ. മധുസൂദനൻ മുഖ്യമന്ത്രിയുടെ സുതാര്യകേരളം പരിപാടിയിൽ നൽകിയ 14657/2011 നമ്പർ പരാതിയിൽ എന്ത് നടപടി എടുത്തു എന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് തിരുവനന്തപുരം കളക്ടറേറ്റ് എടുത്ത തീരുമാനം വ്യക്തമാക്കാമോ;

(സി) പ്രസ്തുത ഫയലിൽ സർവെ സൂപ്രണ്ട് എന്ത് നടപടി സ്വീകരിച്ചു; ഈ ഫയലിൽ തീർപ്പു കൽപ്പിക്കുന്നതിനുള്ള കാലതാമസത്തിന്റെ കാരണം വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 18.06.2012-ലെ മറുപടിക്ക്

ആധാർ ബയോമെട്രിക് എൻറോൾമെന്റിന്റെ നടപടിക്രമങ്ങൾ

1548 ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആധാർ ബയോമെട്രിക് എൻറോൾമെന്റിന്റെ നടപടിക്രമങ്ങൾ പൂർത്തീകരച്ച് കാർഡ് വിതരണം നടത്തിയിട്ടുണ്ടോ ;

(ബി) ആധാർ എൻറോൾമെന്റ് നടത്തിയ അക്ഷയ സംരംഭകർക്ക് നൽകേണ്ട പ്രതിഫലം പൂർണ്ണമായും ലഭ്യമാക്കിയിട്ടുണ്ടോ ;

(സി) ആധാർ ബയോമെട്രിക് എൻറോൾമെന്റ് നടത്തിയവർ വീണ്ടും നാഷണൽ പോപ്പുലേഷൻ രജിസ്റ്റർ പ്രകാരം എൻറോൾമെന്റ് നടത്തണമോ ;

(ഡി) ആധാർ, എൻ.പി.ആർ. രജിസ്ട്രേഷൻ കാർഡുകൾ ലഭിക്കുന്നതിലുള്ള ഗുണഫലം പ്രത്യേകമായി വെളിപ്പെടുത്തുമോ ;

(ഇ) കേരളത്തിൽ എൻ.പി.ആർ. രജിസ്ട്രേഷന് ചുമതലപ്പെടുത്തിയിട്ടുള്ളത് ആരെയാണ് ; പ്രസ്തുത സ്ഥാപനം ആരുടെ ഉടമസ്ഥതയിലുള്ളതാണ് ?

# കേരള നിയമസഭ
# 18.06.2012-ലെ മറുപടിക്ക്

ഐ.എ.എസ്. ലഭിച്ച സർക്കാർ ജീവനക്കാർ

1549

ശ്രീ. എ. എ. അസീസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2010 മുതൽ സംസ്ഥാനത്തെ എത്ര ഉദ്യോഗസ്ഥർക്ക് ഐ.എ.എസ്. കൺഫർ ചെയ്തിട്ടുണ്ട്;

(ബി) ഇവർ ആരൊക്കെയാണെന്നും അവരുടെ മാതൃവകുപ്പ് ഏതായിരുന്നുവെന്നും പറയാമോ;

(സി) സർക്കാർ ജീവനക്കാർക്ക് ഐ.എ.എസ്. കൺഫർ ചെയ്യുവാനുള്ള മാനദണ്ഡം വിശദമാക്കുമോ ?

# കേരള നിയമസഭ
## 18.06.2012-ലെ മറുപടിക്ക്

ആറ്റിങ്ങൽ കോടതി സമുച്ചയത്തിൽ അഡീഷണൽ ബ്ലോക്ക്

1550 ശ്രീ. ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആറ്റിങ്ങൽ കോടതി സമുച്ചയത്തിന്റെ ഭാഗമായുള്ള അഡീഷണൽ ബ്ലോക്ക് നിർമ്മാണത്തിനുള്ള ഭരണാനുമതി ലഭ്യമായിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എത്ര രൂപയാണ് ആയതിനായി അനുവദിക്കപ്പെട്ടിട്ടുള്ളത്;

(സി) നിർമ്മാണ പ്രവർത്തനം എന്ന് തുടങ്ങുവാനാണ് തീരുമാനിച്ചിട്ടുള്ളത്;

(ഡി) നിർമ്മാണ പ്രവർത്തനം എന്ന് പൂർത്തിയാക്കാനാണ് തീരുമാനിച്ചിട്ടുള്ളത്;

(ഇ) അഡീഷണൽ ബ്ലോക്കിൽ എത്ര നിലകളുള്ള കെട്ടിടമാണ് വിഭാവനം ചെയ്തിട്ടുള്ളത്; വിശദമാക്കാമോ ?

# കേരള നിയമസഭ
# 18.06.2012-ലെ മറുപടിക്ക്

ആലത്തൂരിൽ കോടതി സമുച്ചയം

1551 ശ്രീ. എം. ചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആലത്തൂരിൽ കുടുംബ കോടതി, എം.എ.സി.റ്റി. എന്നിവ സ്ഥിരമായി സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(ബി) ആലത്തൂർ മുൻസിഫ് കോടതി സബ്കോടതിയായി ഉയർത്തണമെന്ന ബാർ അസോസിയേഷന്റെയും പൊതുജനങ്ങളുടെയും ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഇക്കാര്യത്തിൽ എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ഡി) നിലവിലുള്ള സ്ഥലം ഉപയോഗപ്പെടുത്തി ആലത്തൂരിൽ ആധുനിക രീതിയിലുള്ള കോടതി സമുച്ചയം നിർമ്മിക്കുന്ന കാര്യം പരിഗണിക്കുമോ ?

# കേരള നിയമസഭ
# 18.06.2012-ലെ മറുപടിക്ക്

<u>അടൂർ സബ്കോടതി</u>

1552

ശ്രീ. ചിറ്റയം ഗോപകുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അടൂരിൽ സബ്കോടതി തുടങ്ങുവാനുള്ള നടപടികൾ ഏത് ഘട്ടം വരെയായി എന്നു വിശദമാക്കുമോ:

(ബി) പ്രസ്തുത സബ്കോടതിയുടെ പ്രവർത്തനം എന്നു മുതൽ ആരംഭിക്കുവാൻ കഴിയും എന്നറിയിക്കുമോ?

# കേരള നിയമസഭ
# 18.06.2012-ലെ മറുപടിക്ക്

<u>മന്ത്രിയെ ഒഴിവാക്കാൻ നടപടി</u>

1553

ശ്രീ. പി. കെ. ഗുരുദാസൻ
ശ്രീമതി പി. അയിഷാ പോറ്റി
ശ്രീ. സി. കെ. സദാശിവൻ
,, കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മന്ത്രിസഭയിൽ നിന്നും ഏതെങ്കിലും മന്ത്രിയെ ഒഴിവാക്കണം എന്ന ആവശ്യം ഏതെങ്കിലും രാഷ്ട്രീയ പാർട്ടിയിൽ നിന്നും ഉയർന്നുവന്നിട്ടുണ്ടോ; എങ്കിൽ ഏതു മന്ത്രിയെന്നും ആവശ്യം ഉന്നയിച്ചത് ആരാണെന്നും പറയാമോ;

(ബി) പ്രസ്തുത പാർട്ടിയിൽപ്പെട്ടവരെക്കുറിച്ച് അഴിമതി നടത്താൻ തന്നെ പ്രേരിപ്പിക്കുന്നു എന്ന് ഏതെങ്കിലും മന്ത്രി മുഖ്യമന്ത്രിയെ അറിയിച്ചിട്ടുണ്ടോ; എങ്കിൽ പ്രേരിപ്പിച്ചവർക്കെതിരെ എന്തു നടപടി സ്വീകരിച്ചു;

(സി) അഴിമതി നടത്തുന്നതും അഴിമതിയ്ക്കു പ്രേരിപ്പിക്കുന്നതും ക്രിമിനൽ കുറ്റമാണോ; വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 18.06.2012-ലെ മറുപടിക്ക്

<u>ഉപതെരഞ്ഞെടുപ്പുകൾക്കുള്ള ചെലവ്</u>

1554 ശ്രീമതി. ജമീലാ പ്രകാശം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരമേറ്റശേഷം സംസ്ഥാന നിയമസഭയിലേക്ക് എത്ര ഉപതെരഞ്ഞെടുപ്പുകൾ നടന്നു;

(ബി) അവ ഏതെല്ലാം;

(സി) പ്രസ്തുത ഉപതെരഞ്ഞെടുപ്പുകൾക്ക് വേണ്ടി സർക്കാർ ഖജനാവിൽ നിന്ന് എത്ര രൂപ ചെലവഴിക്കേണ്ടിവന്നു;

(സി) വിശദാംശങ്ങൾ വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 18.06.2012-ലെ മറുപടിക്ക്

നെയ്യാറ്റിന്‍കര ഉപതെരഞ്ഞെടുപ്പ് ചെലവ്

1555 ശ്രീ. എ. എ. അസീസ്

താഴെ കാണുന്ന ചോദ്യത്തിന്
**മുഖ്യമന്ത്രി**
സദയം മറുപടി നല്‍കുമോ:

നെയ്യാറ്റിന്‍കര നിയോജക മണ്ഡലത്തില്‍ ഉപതെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട ചെലവുകള്‍ക്ക് സംസ്ഥാന ഖജനാവില്‍ നിന്നും ചെലവഴിക്കേണ്ടി വന്ന തുക എത്രയെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 18.06.2012-ലെ മറുപടിക്ക്

<u>പൗരാവകാശ രേഖയുടെ വിശദാംശങ്ങള്‍</u>

1556 ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്തെ ഏതെല്ലാം വകുപ്പുകള്‍ ആണ് പൗരാവകാശ രേഖകള്‍ പ്രസിദ്ധീകരിക്കാത്തത്;

(ബി) പ്രസ്തുത വകുപ്പുകള്‍ പൗരാവകാശ രേഖകള്‍ എന്നത്തേക്ക് പ്രസിദ്ധീകരിക്കുവാനാണ് ഉദ്ദേശിക്കുന്നത്;

(സി) പ്രസ്തുത രേഖയില്‍ പറഞ്ഞിരിക്കുന്ന സേവനങ്ങള്‍ നിശ്ചിത ദിവസവും/നിശ്ചിത സമയത്തും പൗരന്‍മാര്‍ക്ക് ലഭിക്കുമെന്നുറപ്പാക്കുന്ന നിയമങ്ങള്‍ നിലവിലുണ്ടോ; ഇല്ലെങ്കില്‍ അത് പരിഹരിക്കുവാന്‍ നടപടികള്‍ സ്വീകരിക്കുമോ;

(ഡി) പൗരാവകാശ രേഖ പ്രസിദ്ധീകരിച്ച വകുപ്പുകളില്‍ കാരണം കൂടാതെ പൗരന്‍മാര്‍ക്ക് സേവനം നിഷേധിച്ചാല്‍ എടുക്കാവുന്ന നടപടി എന്തെല്ലാമാണ്;

(ഇ) പ്രസ്തുത സേവനങ്ങള്‍ നിശ്ചിത ദിവസവും സമയത്തും ലഭിക്കാത്തതിനെ തുടര്‍ന്ന് എന്തെങ്കിലും നടപടികള്‍ ഇതിനകം സര്‍ക്കാര്‍ സ്വീകരിച്ചിട്ടുണ്ടോ?

(എഫ്) സോഷ്യല്‍ ആഡിറ്റിംഗ് എല്ലാ വകുപ്പുകളിലും നടപ്പിലാക്കുക എന്നത് സര്‍ക്കാരിന്റെ നയമാണോ;

(ജി) സോഷ്യല്‍ ആഡിറ്റിംഗ് ശാസ്ത്രീയമാക്കാന്‍ ആവശ്യമായ നിയമങ്ങള്‍ നിലവിലുണ്ടോ; ഇല്ലെങ്കില്‍ അതിന് പരിഹാരമായി നിയമനിര്‍മ്മാണം നടത്തുമോ?

# കേരള നിയമസഭ
## 18.06.2012-ലെ മറുപടിക്ക്

<u>കാലാവസ്ഥാ പഠനം</u>

1557 ശ്രീ. സാജു പോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാലാവസ്ഥാ വ്യതിയാനത്തിന്റെ വിവിധ പ്രശ്നങ്ങൾ വിലയിരുത്തിയിട്ടുണ്ടോ;

(ബി) കാലാവസ്ഥാ പഠനത്തിന് ഏർപ്പെടുത്തിയിട്ടുള്ള സംവിധാനങ്ങൾ എന്തൊക്കെയാണ്;

(സി) ദേശീയ - അന്തർദേശീയ ഏജൻസികളുടെ സഹായം ലഭ്യമായിട്ടുണ്ടെങ്കിൽ അറിയിക്കുമോ;

(ഡി) കാലാവസ്ഥാ വ്യതിയാനത്തിന്റെ പ്രത്യാഘാതങ്ങൾ കണക്കാക്കാനും ഒഴിവാക്കാനും സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്;

(ഇ) സ്കൂൾതല പാഠ്യപദ്ധതിയിൽ കാലാവസ്ഥാ പഠന - നിരീക്ഷണ പ്രവർത്തനങ്ങൾ ഉൾപ്പെടുത്തുമോ;

(എഫ്) ഗ്രാമസഭകൾ പ്രത്യേകമായി ചേർന്ന് കാലാവസ്ഥാ പ്രശ്നങ്ങൾ ചർച്ച ചെയ്യുമോ;

(ജി) സന്നദ്ധ സംഘടനകൾ വഴി ബോധവൽക്കരണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുമോയെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 18.06.2012-ലെ മറുപടിക്ക്

<u>ശിക്ഷ നേരിടുന്ന സർക്കാർ ഉദ്യോഗസ്ഥരുടെ പട്ടിക</u>

1558 ശ്രീ. സാജു പോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ക്രിമിനൽ കേസുകളിൽ പ്രതികളായ സർക്കാർ ഉദ്യോഗസ്ഥരുടെ വകുപ്പുതിരിച്ചുള്ള വിവരം വ്യക്തമാക്കുമോ;

(ബി) സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്യപ്പെട്ടവർ എത്രയാണ്;

(സി) വിജിലൻസ് - വകുപ്പുതല അന്വേഷണങ്ങൾ നേരിടുന്നവർ എത്രയാണ്;

(ഡി) ക്രിമിനൽ പശ്ചാത്തലമുള്ളവരെ കണ്ടെത്തി ബോധവൽക്കരണം നടത്തുവാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 18.06.2012-ലെ മറുപടിക്ക്

**'സ്റ്റേറ്റ് ഓഫ് ദി എൺവയോൺമെന്റ്' റിപ്പോർട്ട്**

1559 ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യ മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ശാസ്ത്ര-സാങ്കേതിക പരിസ്ഥിതി കൗൺസലിന് ഈ സർക്കാർ അധികാരമേറ്റശേഷം കേന്ദ്ര സർക്കാരിൽ നിന്ന് സഹായം ലഭിച്ചിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്താമോ;

(ബി) ഔഷധങ്ങൾക്കും ആഹാരത്തിനും വേണ്ടി ഉപയോഗിക്കുന്ന സസ്യജാലങ്ങളെ സംബന്ധിച്ച് 'സ്റ്റേറ്റ് ഓഫ് ദി എൺവയോൺമെന്റ്' റിപ്പോർട്ടിലെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ;

(സി) പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

# കേരള നിയമസഭ
# 18.06.2012-ലെ മറുപടിക്ക്

<u>കാസര്‍ഗോഡ് ജില്ലയുടെ വികസനം പഠിക്കാന്‍ കമ്മീഷന്‍</u>

1560 ശ്രീ. കെ. കുഞ്ഞിരാമന്‍ (തൃക്കരിപ്പൂര്‍)

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കാസര്‍ഗോഡ് ജില്ലയുടെ പിന്നോക്കാവസ്ഥ കണക്കിലെടുത്ത് ജില്ലയുടെ വികസനം പഠിക്കാന്‍ കമ്മീഷനെ നിയമിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കില്‍ ഈ കമ്മീഷന്റെ പ്രവര്‍ത്തനങ്ങള്‍ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(സി) മുന്‍കാലങ്ങളില്‍ ജില്ലയില്‍ നടത്തിയ പഠനങ്ങളും, പദ്ധതികളും, കമ്മീഷന്റെ പരിശോധനയില്‍ ഉള്‍പ്പെടുമോ ?

# കേരള നിയമസഭ
# 18.06.2012-ലെ മറുപടിക്ക്

മോട്ടോർവാഹനാപകട നഷ്ടപരിഹാര കേസുകൾ

1561 ശ്രീ. സി. ദിവാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) രാജ്യത്ത് ഏറ്റവും കൂടുതൽ മോട്ടോർവാഹനാപകട നഷ്ടപരിഹാര കേസുകൾ കേരളത്തിലാണെന്ന് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) കേരളത്തിൽ എത്ര വാഹന അപകടകേസുകൾ ഇപ്പോൾ കെട്ടി കിടക്കുന്നുണ്ട്; ഇത് പരിഹരിക്കുന്നതിന് എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വിശദമാക്കാമോ;

(സി) കോടതിയ്ക്ക് പുറത്ത് അദാലത്ത് നടത്തുന്നതിനുള്ള കൊച്ചിയിലെ സ്ഥിരം അദാലത്ത് സംവിധാനം മറ്റ് സ്ഥലങ്ങളിൽ ആരംഭിക്കാൻ നടപടിസ്വീകരിക്കാമോ?

# കേരള നിയമസഭ

## 18.06.2012-ലെ മറുപടിക്ക്

മാധവ് ഗാഡ്ഗിൽ കമ്മിറ്റിയുടെറിപ്പോർട്ട്

T1562 ശ്രീ. പി. എ. മാധവൻ
,, പാലോട് രവി
,, വി. ഡി.സതീശൻ
,, വി. പി. സജീന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മാധവ് ഗാഡ്ഗിൽ കമ്മിറ്റിയുടെ റിപ്പോർട്ട് പ്രകാരം കേരളത്തിലെ മുല്ലപ്പെരിയാർ അതീവ പരിസ്ഥിതി ദുർബ്ബല പ്രദേശത്താണോ സ്ഥിതി ചെയ്യുന്നത്;

(ബി) മുല്ലപ്പെരിയാർ ഡാം ഡീകമ്മീഷൻ ചെയ്യണമെന്ന കേരളത്തിന്റെ വാദങ്ങൾക്ക് പ്രസ്തുത റിപ്പോർട്ട് ഗുണം ചെയ്യുമെന്ന് കരുതുന്നുണ്ടോ;

(സി) മാധവ് ഗാഡ്ഗിൽ കമ്മിറ്റി റിപ്പോർട്ടിന്റെ വെളിച്ചത്തിൽ മുല്ലപ്പെരിയാറിൽ നിലവിലെ ഡാമിനു പകരം പുതിയ ഡാം നിർമ്മിക്കുമ്പോൾ ആവശ്യമായ മുൻകരുതൽ നടപടികൾ സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 18.06.2012-ലെ മറുപടിക്ക്

<u>സർക്കാർ തീരുമാനങ്ങളിൽ ജാതി-മത സംഘടനകളുടെ ഇടപെടൽ</u>

1563 ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)
,, പുരുഷൻ കടലുണ്ടി
ഡോ. കെ.ടി. ജലീൽ
ശ്രീ. ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സർക്കാർ വകുപ്പുകളുടെ ദൈനംദിന പ്രവർത്തനം ജാതി മത സംഘടനകളുടെ നിയന്ത്രണത്തിന് വിധേയമായി മാറിയിരിക്കുന്ന പ്രത്യേക സ്ഥിതി വിശേഷം വിലയിരുത്തിയിട്ടുണ്ടോ;

(ബി) സർക്കാർ തീരുമാനങ്ങളിൽ ജാതി-മത സംഘടനകൾ ഇടപെടുന്ന സ്ഥിതിവിശേഷം എന്തെല്ലാം നിലയിലുള്ള പ്രശ്നങ്ങളാണ് സമൂഹത്തിലുളവാക്കുന്നതെന്ന് പരിശോധിച്ചിട്ടുണ്ടോ;

(സി) ഇത്തരം ഇടപെടലുകളെ നിയന്ത്രിക്കാൻ സർക്കാർ തയ്യാറാകുമോ?

# കേരള നിയമസഭ
# 18.06.2012-ലെ മറുപടിക്ക്

<u>തദ്ദേശസ്വയംഭരണ വകുപ്പ് വിവിധ മന്ത്രിമാര്‍ക്കായി വിഭജിച്ച് നല്‍കിയത്</u>

1564 ശ്രീ. കെ. വി. അബ്ദുള്‍ ഖാദര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) തദ്ദേശസ്വയംഭരണ വകുപ്പ് വിവിധ മന്ത്രിമാര്‍ക്കായി വിഭജിച്ച് നല്‍കിയത് മൂലമുള്ള പ്രശ്നങ്ങള്‍ പരിഹരിക്കുന്നതിന് എന്തു നടപടി സ്വീകരിച്ചു;

(ബി) മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയില്‍ യോഗം ചേര്‍ന്ന് പ്രസ്തുത പ്രശ്നങ്ങള്‍ പരിഹരിക്കുന്നതിന് തീരുമാനിച്ചത് പ്രാവര്‍ത്തികമായിട്ടുണ്ടോ ?

# കേരള നിയമസഭ
## 18.06.2012-ലെ മറുപടിക്ക്

<u>മന്ത്രിമാരുടെ ഔദ്യോഗിക വസതികൾ മോടിപിടിപ്പിച്ചതിന് ചെലവഴിച്ച തുക</u>

1565 ശ്രീ. കെ. വി. അബ്ദുൾ ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം മന്ത്രിമാരുടെ ഔദ്യോഗിക വസതികൾ മോടിപിടിപ്പിച്ചതിന് എത്ര തുക ചെലവഴിച്ചു ;

(ബി) ഓരോ മന്ത്രിമാർക്കുമായി എത്ര തുക വീതം ചെലവഴിച്ചുവെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
# 18.06.2012-ലെ മറുപടിക്ക്

നിയമസഭാംഗങ്ങൾ നൽകുന്ന തുടർ നടപടികൾ

1566

ശ്രീ. ജെയിംസ് മാത്യു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മന്ത്രിമാർ, വകുപ്പദ്ധ്യക്ഷന്മാർ എന്നിവർക്ക് നിയമസഭാംഗങ്ങൾ, നൽകുന്ന നിവേദനങ്ങളിൽ സ്വീകരിക്കപ്പെടുന്ന നടപടികൾ സംബന്ധിച്ച് നിയമസഭാംഗങ്ങളെ അതാതു തലത്തിൽ അറിയിക്കണമെന്ന ഉറപ്പ് പാലിക്കപ്പെടുന്നില്ലെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ആയതു പരിഹരിക്കുന്നതിനും ഫയൽ നടപടികളെ സംബന്ധിച്ച് കൃത്യമായി എം.എൽ.എ. മാരെ അറിയിക്കുന്നതിനും നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 18.06.2012-ലെ മറുപടിക്ക്

<u>മന്ത്രിമാരുടെ പേഴ്സണൽ സ്റ്റാഫിൽ ഡപ്യൂട്ടേഷനിൽ എത്തുന്നവരുടെ ശമ്പള ബിൽ</u>

1567 ശ്രീ. വി.എം. ഉമ്മർ മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി, കെ.എസ്.ആർ.ടി.സി തുടങ്ങിയ പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നും മന്ത്രിമാരുടെ പേഴ്സണൽ സ്റ്റാഫിൽ ഡപ്യൂട്ടേഷനിൽ എത്തുന്നവർക്ക് സ്പാർക്ക് സംവിധാനം വഴി തയ്യാറാക്കിയിരുന്ന ശമ്പള ബിൽ രീതിയിൽ മാറ്റം വരുത്തിയിട്ടുണ്ടോ;

(ബി) ആയത് കാരണം അത്തരം ജീവനക്കാർക്ക് ശമ്പളം ലഭിക്കുന്നതിന് കാലതാമസവും ബുദ്ധിമുട്ടും ഉണ്ടാകുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) മറ്റുള്ളവർക്കെന്നപോലെ ഇത്തരക്കാർക്കും സ്പാർക്ക് സംവിധാനം തന്നെ തുടരാൻ നിർദ്ദേശം നൽകുമോ ?

# കേരള നിയമസഭ
## 18.06.2012-ലെ മറുപടിക്ക്

<u>കൊച്ചി - മംഗലാപുരം ഗ്യാസ് പൈപ്പ് ലൈൻ പദ്ധതി</u>

1568 ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യ മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊച്ചി - മംഗലാപുരം ഗ്യാസ് പൈപ്പ് ലൈൻ പദ്ധതി സംബന്ധിച്ച വിശദാംശം നൽകാമോ ; പ്രസ്തുത പദ്ധതി സംബന്ധിച്ച ജനങ്ങളുടെ ആശങ്ക ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുളളത് ;

(സി) കണ്ണൂർ ജില്ലയിൽ പൈപ്പ് ലൈൻ ഏതൊക്കെ പ്രദേശത്തു കൂടിയാണ് കടന്നുപോകുന്നത് ;

(ഡി) ഭൂമി നഷ്ടപ്പെടുന്ന സ്ഥലമുടമകൾക്ക് ഏതു വിധത്തിലുളള നഷ്ടപരിഹാരമാണ് നൽകാൻ ഉദ്ദേശിക്കുന്നത് ; ഇതു സംബന്ധിച്ച് എന്തൊക്കെ നടപടികളാണ് ഇതുവരെ സ്വീകരിച്ചിട്ടുളളത് ?

# കേരള നിയമസഭ
# 18.06.2012-ലെ മറുപടിക്ക്

വിവരാവകാശ നിയമമനുസരിച്ച് പിഴശിക്ഷ

1569 ശ്രീ. എൻ. ഷംസുദ്ദീൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം സംസ്ഥാന വിവരാവകാശ നിയമമനുസരിച്ച് പിഴശിക്ഷക്ക് വിധിക്കപ്പെട്ട എത്ര ഉദ്യോഗസ്ഥർ ഉണ്ട്;

(ബി) ഇവരിൽ നിന്നും എത്ര രൂപ പിഴയായി ഈടാക്കിയിട്ടുണ്ട് ;

(സി) ശിക്ഷിക്കപ്പെട്ട എല്ലാ ഉദ്യോഗസ്ഥരും ഈടാക്കിയ പിഴ സർക്കാരിലേക്ക് അടച്ചിട്ടുണ്ടോ ;

(ഡി) പിഴ അടയ്ക്കാത്ത ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 18.06.2012-ലെ മറുപടിക്ക്

<u>തെരഞ്ഞെടുപ്പ് ചട്ട ലംഘനം</u>

1570

ശ്രീമതി ജമീലാ പ്രകാശം

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) നെയ്യാറ്റിന്‍കര ഉപതെരഞ്ഞെടുപ്പില്‍ തെരഞ്ഞെടുപ്പ് ചട്ടം ലംഘിച്ചത് സംബന്ധിച്ച് എത്ര പരാതികള്‍ ലഭിച്ചിട്ടുണ്ട്;

(ബി) ആയത് സംബന്ധിച്ചുള്ള വിശദാംശങ്ങളും ആയതിന്മേല്‍ സ്വീകരിച്ച നടപടികളും വിശദീകരിക്കുമോ ?

# കേരള നിയമസഭ
## 18.06.2012-ലെ മറുപടിക്ക്

<u>സൈനിക ക്യാന്റീനെ നികുതി വിമുക്തമാക്കാൻ നടപടി</u>

1571 ശ്രീ. എ. എ. അസീസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സൈനികർക്കും വിരമിച്ചവർക്കുമായി നിലവിലുള്ള മിലിറ്ററി ക്യാന്റീനുകളിൽ നിന്നും നൽകുന്ന നിത്യോപയോഗ സാധനങ്ങൾക്ക് എത്ര ശതമാനം നികുതിയാണ് സംസ്ഥാന സർക്കാർ ഈടാക്കുന്നത് :

(ബി) പ്രസ്തുത ക്യാന്റീനുകളിൽ നിന്നും വിൽക്കുന്ന സാധനങ്ങൾക്ക് നികുതി പൂർണ്ണമായും ഒഴിവാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 18.06.2012-ലെ മറുപടിക്ക്

<u>വിമുക്തഭടൻമാർക്ക് തൊഴിൽ നികുതി ഒഴിവാക്കിയ നടപടി</u>

1572 ശ്രീമതി ഗീതാ ഗോപി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിമുക്തഭടൻമാരെ തൊഴിൽ നികുതി നൽകുന്നതിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ടോ;

(ബി) തൊഴിൽ നകുതിയിൽ നിന്ന് വിമുക്തഭടന്മാരെ ഒഴിവാക്കുന്നത് സംബന്ധിച്ച് കേന്ദ്ര സർക്കാരിന്റെ നിർദ്ദേശങ്ങൾ ലഭിച്ചിട്ടുണ്ടോ;

(സി) ആയത് സംബന്ധിച്ച ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ?

# കേരള നിയമസഭ
## 18.06.2012-ലെ മറുപടിക്ക്

<u>ചികിത്സാ ധനസഹായം</u>

1573 ശ്രീ. വി. ചെന്താമരാക്ഷന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) മുഖ്യമന്ത്രി അനുവദിക്കുന്ന ചികിത്സാ ധനസഹായം എത്ര സമയത്തിനുള്ളില്‍ ബന്ധപ്പെട്ട വ്യക്തികള്‍ക്ക് നല്‍കാന്‍ കഴിയുമെന്ന് വ്യക്തമാക്കുമോ;

(ബി) എം. എല്‍. എ മാര്‍ മുഖാന്തിരം മുഖ്യമന്ത്രിക്ക് സമര്‍പ്പിക്കുന്ന ചികിത്സാ സഹായത്തിനുള്ള അപേക്ഷയില്‍ എന്തെല്ലാം രേഖകളാണ് സമര്‍പ്പിക്കേണ്ടത്; വിശദാംശം നല്‍കുമോ?

# കേരള നിയമസഭ
# 18.06.2012-ലെ മറുപടിക്ക്

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിക്കുന്ന തുക

1574 ശ്രീ. ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും സഹായം അനുവദിക്കുന്നതിന് സ്വീകരിക്കുന്ന മാനദണ്ഡങ്ങൾ വിശദീകരിക്കാമോ;

(ബി) ഏതെല്ലാം തരത്തിലുള്ള ദുരിതങ്ങൾക്കാണ് സഹായം ലഭ്യമാക്കുന്നത്;

(സി) ചികിത്സാസഹായം ലഭ്യമാക്കുന്നത് ഏതെല്ലാം അസുഖങ്ങൾ ബാധിച്ചവർക്കാണ്;

(ഡി) കാൻസർ, വൃക്കസംബന്ധമായ അസുഖങ്ങൾ ഹൃദയ സംബന്ധമായ അസുഖങ്ങൾ ഇവയ്ക്ക് പരമാവധി എന്തു തുകയാണ് സഹായമായി നൽകുന്നത്; വിശദമാക്കാമോ;

(ഇ) അപകടമരണങ്ങൾക്ക് ഇരയാകുന്നവരുടെ കുടുംബത്തിന് പരമാവധി എന്തു തുകയാണ് സഹായമായി നൽകുന്നത്?

# കേരള നിയമസഭ
## 18.06.2012-ലെ മറുപടിക്ക്

<u>മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും തോമസിന് സഹായം</u>

1575 ശ്രീ. ജോസ് തെറ്റയിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വല്ലാർപാടം കണ്ടെയ്നർ റോഡിൽ 15.10.2011-ൽ നടന്ന അപകടത്തിൽ മരണമടഞ്ഞ മകൻ സോജന്റെ പേരിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും തുക അനുവദിച്ചു കിട്ടുന്നതിനായി അങ്കമാലി നിയോജക മണ്ഡലത്തിൽ കറുകുറ്റി പഞ്ചായത്തിലെ ഞാലൂക്കര ലക്ഷം വീട് കോളനിയിൽ പുല്ലേലി വീട്ടിൽ തോമസ് 28/11/2011/ൽ സമർപ്പിച്ച അപേക്ഷയിൻമേൽ തുക അനുവദിക്കുന്നതിലെ കാലതാമസം വിശദമാക്കാമോ;

(ബി) പ്രസ്തുത തുക എന്ന് അനുവദിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 18.06.2012-ലെ മറുപടിക്ക്

<u>ദുരിതാശ്വാസനിധിയിൽ നിന്നും ധനസഹായ വിതരണത്തിലുള്ള കാലതാമസം</u>

1576 ശ്രീ. എ. കെ. ബാലൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും അനുവദിച്ച ധനസഹായം അപേക്ഷകർക്ക് ലഭിക്കാൻ കാലതാമസം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വ്യക്തമാക്കാമോ ;

(ബി) എങ്കിൽ പ്രസ്തുത കാലതാമസം ഒഴിവാക്കാനുള്ള നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 18.06.2012-ലെ മറുപടിക്ക്

<u>മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും മരണപ്പെടുന്നവരുടെ ആശ്രിതർക്കു നൽകുന്ന ധനസഹായം</u>

1577 ശ്രീ. ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യ മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് ഏതെല്ലാം വിധത്തിൽ മരണപ്പെട്ടവരുടെ ആശ്രിതർക്കാണ് ധനസഹായം നൽകുന്നത് ;

(ബി) ഓരോന്നിനും പരമാവധി എത്ര രൂപയുടെ ധനസഹായം അനുവദിക്കുമെന്നും ആയതിന്റെ മാനദണ്ഡം എന്താണെന്നും വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 18.06.2012-ലെ മറുപടിക്ക്

<u>മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും മന്ത്രിമാരുടെയും എം.എൽ.എ മാരുടെയും ശുപാർശ മേൽ അനുവദിച്ച തുക</u>

1578 ശ്രീ. പി. ശ്രീരാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ ഒരു വർഷത്തിനിടയിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും മന്ത്രിമാരുടെയും എം.എൽ.എ മാരുടെയും ശുപാർശ കത്തുകളോടെ ലഭിച്ചിട്ടുളള അപേക്ഷകളിന്മേൽ ആകെ എത്ര തുക അനുവദിച്ചു ; വിശദമാക്കുമോ ;

(ബി) ഓരോ എം.എൽ.എ മാരുടെയും മണ്ഡലം തിരിച്ചുളള കണക്ക് ലഭ്യമാക്കുമോ ;

(സി) മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടിയിൽ ചികിത്സാധന സഹായമല്ലാത്ത എത്ര അപേക്ഷകൾ ലഭിച്ചു. ; അതിൽ എത്ര എണ്ണം തീർപ്പാക്കി; വിശദമാക്കാമോ ;

(ഡി) ജനസമ്പർക്ക പരിപാടിയിൽ എ.പി.എൽ. റേഷൻ കാർഡുകൾ ബി.പി.എൽ. ആക്കാൻ വേണ്ടി എത്ര അപേക്ഷ ലഭിച്ചു; എത്ര എണ്ണത്തിൽ തീർപ്പാക്കി ബി.പി.എൽ. കാർഡ് അനുവദിച്ചിട്ടുണ്ട്; ജില്ല തിരിച്ച് വിശദമാക്കുമോ ?

# കേരള നിയമസഭ
## 18.06.2012-ലെ മറുപടിക്ക്

<u>ടാങ്കർലോറി കയറി അപകട മരണം</u>

1579 ശ്രീ. ജെയിംസ് മാത്യൂ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യ മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 19-9-2011-ന് രാത്രി ദേശീയ പാതയിൽ ബൈക്കിൽ സഞ്ചരിക്കേ കുഴിയിൽ വീണ് ടാങ്കർ ലോറി കയറി ദാരുണമായി മരണപ്പെട്ട ശ്രീ. ആഷ്വിൻ ജേക്കബിന്റെ കുടുംബത്തിന് മുഖ്യ മന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും ധനസഹായം അനുവദിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എത്ര രൂപയാണ് അനുവദിച്ചിട്ടുളളത്;

(സി) അനുവദിച്ച തുക ലഭ്യമാക്കിയിട്ടുണ്ടോ; വിശദാംശം അറിയിക്കുമോ ?

# കേരള നിയമസഭ
## 18.06.2012-ലെ മറുപടിക്ക്

<u>എൻഡോസൾഫാൻ വിക്ടിം റിലീഫ് റെമഡിയൽ സെൽ</u>

1580 ശ്രീ. സി. ദിവാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എൻഡോസൾഫാൻ മേഖലയിൽ പുനരധിവാസത്തിന് മാതൃകാപരമായ പ്രവർത്തനം നടത്തിവരുന്ന എൻഡോസൾഫാൻ വിക്ടിം റിലീഫ് റെമഡിയൻ സെല്ലിനെ ഒഴിവാക്കി സർക്കാർ പുതിയ സമിതിയെ രൂപീകരിക്കാനുള്ള കാരണം വ്യക്തമാക്കാമോ ;

(ബി) എൻഡോസൾഫാൻ വിക്ടിം റിലീഫ് റെമഡിയൻ സെൽ മുഖേന നടന്നുവരുന്ന പുനരധിവാസ പ്രവർത്തനങ്ങൾ എന്തെല്ലാമാണ് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 18.06.2012-ലെ മറുപടിക്ക്

പശ്ചിമഘട്ട മലനിരകളുടെ സംരക്ഷണം

1581 ശ്രീ. എം. വി. ശ്രേയാംസ് കുമാർ
,, റോഷി അഗസ്റ്റിൻ
,, പി. സി. ജോർജ്
ഡോ. എൻ. ജയരാജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പശ്ചിമഘട്ട മലനിരകളുടെ സംരക്ഷണത്തെ കുറിച്ച് പഠിച്ച പ്രൊഫ. മാധവ്ഗാഡ്ഗിൽ സമിതിയുടെ റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശങ്ങൾ നല്കുമോ ;

(ബി) പ്രസ്തുത റിപ്പോർട്ടിലെ നിർദ്ദേശങ്ങൾ സംസ്ഥാനത്തിന്റെ വികസന പ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിക്കുമോയെന്ന് പരിശോധിച്ചിട്ടുണ്ടോ;

(സി) പശ്ചിമഘട്ട പരിസ്ഥിതിയുടെ പുനരുജ്ജീവനം, സംസ്ഥാനത്തിന്റെ വികസനലക്ഷ്യങ്ങൾ ജനക്ഷേമ പ്രവർത്തനങ്ങൾ എന്നിവ സാധ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 18.06.2012-ലെ മറുപടിക്ക്

ഗാഡ്ഗിൽ സമിതിയുടെ ശുപാർശകൾ

T1582 ശ്രീ. മുല്ലക്കര രത്നാകരൻ
,, ചിറ്റയം ഗോപകുമാർ
ശ്രീമതി ഇ. എസ്. ബിജിമോൾ
,, ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പശ്ചിമഘട്ട മലനിരകളിലെ പരിസ്ഥിതിയാഘാതം പഠിക്കാൻ കേന്ദ്ര ഗവൺമെന്റ് നിയോഗിച്ചിരുന്ന ഗാഡ്ഗിൽ സമിതിയുടെ ശുപാർശകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഡാമുകളുടെ കാലപ്പഴക്കം, നദികളുടെയും അരുവികളുടെയും ദിശമാറ്റൽ എന്നിവ സംബന്ധിച്ച് സമിതിയുടെ അഭിപ്രായം ലഭ്യമാണോ ; എങ്കിൽ എന്താണെന്നു വെളിപ്പെടുത്തുമോ ;

(സി) മുല്ലപ്പെരിയാർ പരിസ്ഥിതി ദുർബല പ്രദേശമാണെന്ന് സമിതി വിലയിരുത്തിയിട്ടുണ്ടോ ;

(ഡി) മുപ്പതു മുതൽ അമ്പത് വർഷം പഴക്കമുളള ഡാമുകൾ ഡീ കമ്മീഷൻ ചെയ്യണമെന്ന സമിതിയുടെ ശുപാർശയോട് യോജിക്കുന്നുണ്ടോ ; ഉണ്ടെങ്കിൽ ഈ ശുപാർശ നടപ്പാക്കി കിട്ടുന്നതിന് കേന്ദ്ര ഗവൺമെന്റിൽ സമ്മർദ്ദം ചെലുത്തുമോ ?

# കേരള നിയമസഭ
# 18.06.2012-ലെ മറുപടിക്ക്

<u>ദുരിതാശ്വാസം</u>

1583 ശ്രീ. എ. എം. ആരിഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യ മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പ്രകൃതി ക്ഷോഭമല്ലാതെ വൈദ്യുതി ഷോർട്ട് സർക്യൂട്ടോ മറ്റ് കാരണങ്ങളാലോ വീട് കത്തിപോകുന്നവർക്ക് ദുരിതാശ്വാസ നിധിയിൽനിന്നും യാതൊരു സഹായവും ലഭിക്കുന്നില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത വിഭാഗക്കാർക്ക് ജീവിക്കുവാൻ നിർവ്വാഹമില്ലാത്ത സാഹചര്യത്തിൽ എന്തെങ്കിലും സഹായപദ്ധതികൾ ആരംഭിക്കുവാൻ തയ്യാറാകുമോ;

(സി) പ്രത്യേക പരിഗണന അർഹിക്കുന്ന വിഷയങ്ങളിൽ ക്യാബിനറ്റ് തീരുമാനപ്രകാരം സഹായം ലഭ്യമാക്കുമോ ?

# കേരള നിയമസഭ
## 18.06.2012-ലെ മറുപടിക്ക്

<u>അപകടത്തിൽപെട്ട് നട്ടെല്ല് തകർന്നവരുടെ സഹായികൾക്ക് പെൻഷൻ നൽകാൻ നടപടി</u>

1584 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അപകടത്തിൽപെട്ട് നട്ടെല്ല് തകർന്ന് കിടപ്പിലായവർക്ക് പരിചരണം നൽകുന്ന സഹായികൾക്ക് പെൻഷൻ നൽകുന്നതിന് നടപടികൾ സ്വീകരിക്കുമോ;

(ബി) ഇത്തരത്തിൽ അപകടത്തിൽപെട്ടവരെ വരുമാനപരിധി നോക്കാതെ ബി. പി. എൽ പരിധിയിൽ ഉൾപ്പെടുത്തുവാൻ ആലോചിക്കുമോ;

(സി) നട്ടെല്ല് തകർന്നവർക്ക് ആയിരം രൂപ പെൻഷൻ നൽകുന്നതിന് തീരുമാനം കൈക്കൊള്ളുമോ?

# കേരള നിയമസഭ
## 18.06.2012-ലെ മറുപടിക്ക്

ക്ലാസ് IV ജീവനക്കാരുടെ പെണ്‍മക്കളുടെ വിവാഹത്തിനായി ധനസഹായം

1585 ശ്രീ. കെ. കെ. ജയചന്ദ്രന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ക്ലാസ് IV വിഭാഗം ജീവനക്കാരുടെ പെണ്‍മക്കളുടെ വിവാഹത്തിനായി ധനസഹായ വായ്പ ലഭിക്കുന്നതിനു വേണ്ട മാനദണ്ഡം വ്യക്തമാക്കുമോ;

(ബി) അപേക്ഷിച്ച സമയത്ത് 5 വര്‍ഷം സര്‍വ്വീസ് ഇല്ല എന്ന കാരണത്താല്‍ അപേക്ഷകള്‍ നിരസിക്കുന്ന സാഹചര്യമുള്ളതിനാല്‍ മാനദണ്ഡങ്ങളില്‍ ഇളവ് വരുത്തുന്ന കാര്യം പരിഗണിക്കുമോ;

(സി) വിവാഹ ധനസഹായമായി നല്‍കുന്ന വായ്പ തുക എത്രയാണെന്ന് വ്യക്മാക്കുമോ;

(എ) പ്രസ്തുത തുക കാലോചിതമായി ഉയര്‍ത്തുന്ന കാര്യം പരിഗണിക്കുമോ?

# കേരള നിയമസഭ
## 18.06.2012-ലെ മറുപടിക്ക്

<u>സിവിൽ സർവ്വീസ് അക്കാഡമി</u>

1586 ശ്രീ. ലൂഡി ലൂയിസ്
,, പാലോട് രവി
,, കെ. ശിവദാസൻ നായർ
,, എം. പി. വിൻസെന്റ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സിവിൽ സർവ്വീസ് അക്കാഡമി തുടങ്ങുവാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) ആയതിന്റെ ഉദ്ദേശലക്ഷ്യങ്ങളും പ്രവർത്തനരീതിയും വിശദമാക്കുമോ ;

(സി) പ്രസ്തുത അക്കാഡമി എവിടെയാണ് ആരംഭിക്കാൻ ഉദ്ദേശിക്കുന്നത് ;

(ഡി) ആയതിന്റെ പ്രാരംഭ പ്രവർത്തനങ്ങൾ തുടങ്ങിയിട്ടുണ്ടോ ?

# കേരള നിയമസഭ
# 18.06.2012-ലെ മറുപടിക്ക്

<u>നരേന്ദ്രൻ കമ്മീഷൻ ശുപാർശകൾ</u>

1587 ശ്രീ. എ. എം. ആരിഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യ മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നരേന്ദ്രൻ കമ്മീഷൻ ശുപാർശകൾ മുൻകാല പ്രാബല്യത്തോടെ നടപ്പിലാക്കിയതു മൂലം സർവ്വീസിൽ തുടരുന്നവരുടെ നിയമനം അംഗീകരിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുളളത്;

(ബി) ഇവരുടെ നിയമനം അംഗീകരിക്കുന്ന നടപടികൾ വേഗത്തിലാക്കുന്നതിനുളള നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 18.06.2012-ലെ മറുപടിക്ക്

<u>വിവിധ വകുപ്പുകളുടെ വെബ്സൈറ്റുകൾ കാലികമാക്കുന്നതിന് നടപടി</u>

1588 ശ്രീമതി ഗീതാ ഗോപി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

സർക്കാരിന്റെ വിവിധ പദ്ധതികളും വിഷയങ്ങളും പൊതുജനങ്ങൾ കൃത്യമായി അറിയുന്നതിന് എല്ലാ വകുപ്പുകളുടെയും വെബ്സൈറ്റുകൾ അപ്ഡേറ്റ് ചെയ്യുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വ്യക്തമാക്കാമോ ?

# കേരള നിയമസഭ
# 18.06.2012-ലെ മറുപടിക്ക്

<u>സര്‍ക്കാര്‍ ഓഫീസുകളില്‍ കരാര്‍ അടിസ്ഥാനത്തില്‍ ഓടുന്ന വാഹനങ്ങള്‍</u>

1589 ശ്രീ. എ. പ്രദീപ്കുമാര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**മുഖ്യ മന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കോഴിക്കോട് ജില്ലയിലെ ഏതെല്ലാം സര്‍ക്കാര്‍ ഓഫീസുകളിലാണ് കരാര്‍ അടിസ്ഥാനത്തില്‍ വാഹനങ്ങള്‍ ഓടുന്നതെന്ന് വിശദമാക്കുമോ;

(ബി) കരാര്‍ അടിസ്ഥാനത്തില്‍ വാഹനങ്ങള്‍ ഓടുന്ന ഓഫീസുകളില്‍ ഡ്രൈവര്‍ തസ്തികയില്‍ ഡ്രൈവര്‍മാര്‍ നിലവിലുളള ഓഫീസുകള്‍ ഏതെല്ലാം; വിശദമാക്കുമോ;

(സി) ഓടുന്ന പ്രസ്തുത വാഹനങ്ങള്‍ക്കായി എത്ര തുകയാണ് ഓരോ ഓഫീസില്‍ നിന്നും കഴിഞ്ഞ സാമ്പത്തിക വര്‍ഷം ചെലവഴിച്ചിട്ടുളളത്; വിശദമാക്കാമോ ?

# കേരള നിയമസഭ
## 18.06.2012-ലെ മറുപടിക്ക്

<u>പിരിച്ചുവിട്ട ജീവനക്കാരുടെ എണ്ണം</u>

1590 ശ്രീ. കെ.കെ. നാരായണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം സർക്കാർ വകുപ്പുകളിൽ നിന്നും പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നുമായി എത്ര പേരെ പിരിച്ചു വിട്ടിട്ടുണ്ട് എന്ന് വ്യക്താക്കുമോ;

(ബി) ഇത് ഏതെല്ലാം വകുപ്പുകളിൽ നിന്നും ഏതെല്ലാം സ്ഥാപനങ്ങളിൽ നിന്നാണെന്നും ആരൊക്കെയാണെന്നും വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 18.06.2012-ലെ മറുപടിക്ക്

<u>പിതൃത്വാവധി</u>

1591 ശ്രീ. കെ.കെ. ജയചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പുരുഷ വിഭാഗം ജീവനക്കാർക്ക് അനുവദിച്ചിട്ടുള്ള പിതൃത്വാവധി ആദ്യത്തെ രണ്ട് കുഞ്ഞുങ്ങൾക്കായി മാത്രം നിജപ്പെടുത്തിയിട്ടുണ്ടോ;

(ബി) ആദ്യപ്രസവത്തിൽതന്നെ ഇരട്ടക്കുട്ടികൾ ജനിക്കുന്ന പക്ഷം പിതൃത്വാവധി വീണ്ടും ലഭിക്കാതെ വരുന്ന സാഹചര്യം നിലവിലുണ്ടോ;

(സി) ജീവനക്കാർക്ക് പരിധികളില്ലാതെ ഓരോ കുഞ്ഞിന്റെയും ജനനശേഷം പിതൃത്വാവധി അനുവദിക്കുന്ന കാര്യം പരിഗണിക്കുമോ?

# കേരള നിയമസഭ
# 18.06.2012-ലെ മറുപടിക്ക്

യാത്രാബത്ത യഥാസമയം ലഭ്യമാക്കുന്നതിന് നടപടി

1592 ശ്രീ. എസ്. രാജേന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യ മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പെൻഷൻ പറ്റിയ പോലീസ് ഉദ്യോഗസ്ഥർക്കും, എക്സൈസ് ഉദ്യോഗസ്ഥർക്കും വിവിധ കേസുകളുമായി ബന്ധപ്പെട്ട് മൊഴി നൽകുന്നതിനായി കോടതികളിലും മറ്റും പോകുന്നതിനുള്ള യാത്രാബത്ത യഥാസമയം ലഭിക്കുന്നില്ലായെന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത യാത്രാബത്തകൾ തൽസമയം നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിന് വേണ്ട നിർദ്ദേശം നൽകുമോ ?

# കേരള നിയമസഭ
## 18.06.2012-ലെ മറുപടിക്ക്

<u>ആശ്രിത നിയമനം നല്കുന്നതിന് കാലതാമസം ഒഴിവാക്കുന്നതിന് നടപടികൾ</u>

1593

ശ്രീ. ജെയിംസ് മാത്യു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആശ്രിത നിയമനത്തിന് അപേക്ഷ സമർപ്പിച്ചതിൽ ഏതു കാലയളവു വരെയുള്ളവർക്കാണ് നാളിതുവരെ നിയമനം നൽകിയിട്ടുള്ളത്;

(ബി) ആശ്രിത നിയമനം നൽകുന്നതിന് ഇന്നനുഭവപ്പെടുന്ന കാലതാമസം ഒഴിവാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണുദ്ദേശിക്കുന്നത്;

(സി) ബന്ധപ്പെട്ട വകുപ്പുകളിൽ ഒഴിവില്ലെങ്കിൽ മറ്റു വകുപ്പുകളിലോ ജില്ലകളിലോ പരിഗണിക്കാനുള്ള നടപടി സ്വീകരിച്ചാൽ കാലതാമസം ഒരു പരിധി വരെ കുറയ്ക്കാമെന്നിരിക്കെ പ്രസ്തുത കാര്യം പരിഗണിക്കുമോ ?

# കേരള നിയമസഭ
## 18.06.2012-ലെ മറുപടിക്ക്

<u>പഞ്ചായത്തുകളിലേക്ക് ക്ലാർക്കുമാരുടെ പുനർവിന്യാസം</u>

1594 ശ്രീ. കെ. കെ. ജയചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യ മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിവിധ വകുപ്പുകളിൽ നിന്നും ലോവർ ഡിവിഷൻ ക്ലർക്കുമാരെ പഞ്ചായത്തിലേക്ക് പുനർവിന്യസിച്ചു നൽകാറുണ്ടോ;

(ബി) ഒരു ക്ലാർക്കിന്റെ തസ്തിക മാത്രമുള്ള പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിലെ ക്ലർക്കിനെ ഉൾപ്പെടെ പുനർവിന്യസിച്ചു നൽകുന്നത് നിമിത്തം പ്രസ്തുത ആരോഗ്യ കേന്ദ്രങ്ങളിലെ ഓഫീസ് പ്രവർത്തനങ്ങൾ തടസംനേരിടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പഞ്ചായത്തിലേക്ക് ക്ലാർക്കുമാരെ പുനർവിന്യസിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്താണ്; വ്യക്തമാക്കാമോ;

(ഡി) പുനർവിന്യാസം അവസാനിപ്പിച്ച് പഞ്ചായത്തിലേക്ക് പകരം തസ്തിക സൃഷ്ടിക്കുന്ന കാര്യം പരിഗണിക്കുമോ?

# കേരള നിയമസഭ
## 18.06.2012-ലെ മറുപടിക്ക്

പിന്നാക്കക്ഷേമവകുപ്പിലെ തസ്തികളുടെ വിശദാംശം

1595 ശ്രീ. മോൻസ് ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ പുതുതായി ആരംഭിച്ച പിന്നാക്ക ക്ഷേമവകുപ്പിൽ സെക്രട്ടേറിയേറ്റിൽ എത്ര തസ്തിക അനുവദിച്ചിട്ടുണ്ട്;

(ബി) ജില്ലാ തലത്തിൽ പ്രസ്തുത വകുപ്പിന്റെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ; ഇവിടേയ്ക്ക് സ്റ്റാഫ് പാറ്റേൺ അനുവദിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(സി) സെക്രട്ടേറിയറ്റിൽ ഈ വകുപ്പിനു കീഴിൽ എത്ര അസ്സിസ്റ്റന്റ് തസ്തികയാണ് അനുവദിച്ചിട്ടുള്ളത്; ഈ തസ്തിക പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ?

# കേരള നിയമസഭ
## 18.06.2012-ലെ മറുപടിക്ക്

<u>സംസ്ഥാന സര്‍ക്കാര്‍ സര്‍വ്വീസില്‍ അധിക തസ്തികകള്‍ സംബന്ധിച്ച് പഠനങ്ങള്‍</u>

1596 ശ്രീ. പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാന സര്‍ക്കാര്‍ സര്‍വ്വീസില്‍ അധിക തസ്തികകള്‍ സംബന്ധിച്ച് എന്തെങ്കിലും പഠനങ്ങള്‍ നടത്തിയിട്ടുണ്ടോ ;

(ബി) വിവിധ വകുപ്പുകളിലെ അധിക ജീവനക്കാരെ കണ്ടെത്തി പുനര്‍ വിന്യാസിക്കാന്‍ എന്തെല്ലാം നടപടികള്‍ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) ഓരോ വകുപ്പിലും എത്ര അധിക ജീവനക്കാര്‍ ഉണ്ടെന്നും പുനര്‍ വിന്യസിച്ചവരുടെ കണക്കുകളും വ്യക്തമാക്കുമോ ;

(ഡി) തസ്തികകള്‍ ശാസ്ത്രീയമായി ക്രമീകരിക്കുന്നതിനും സര്‍ക്കാരിന്റെ ചെലവുകള്‍ ചുരുക്കുന്നതിനും സ്വീകരിച്ചിട്ടുള്ള നടപടികള്‍ വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 18.06.2012-ലെ മറുപടിക്ക്

## വികലാംഗ നിയമനം

1597 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടിയിൽ തങ്ങൾക്ക് ന്യായമായും ലഭിക്കേണ്ടിയിരുന്ന സർക്കാർ ജോലി ലഭിച്ചിട്ടില്ലെന്നു കാണിച്ച് എത്ര വികലാംഗർ അപേക്ഷ നൽകിയിട്ടുണ്ടെന്ന് അറിയിക്കുമോ;

(ബി) ഇത്തരം അപേക്ഷകളിൽ എന്തു തീരുമാനമെടുത്തെന്ന് വ്യക്തമാക്കുമോ;

(സി) വികലാംഗർക്കായി മാറ്റി വെച്ചിട്ടുള്ളതും ഒഴിഞ്ഞു കിടക്കുന്നതുമായ പോസ്റ്റുകളിൽ ഇത്തരത്തിലുള്ളവരെ നിയമിക്കാൻ പ്രത്യേക നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 18.06.2012-ലെ മറുപടിക്ക്

<u>ജനസമ്പർക്ക പരിപാടിയിലൂടെ വികലാംഗങ്ങർക്ക് ജോലി</u>

1598 ശ്രീ. കെ. സുരേഷ് കുറുപ്പ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടിയിലൂടെ വികലാംഗർക്ക് സർക്കാർ ജോലി നൽകിയിട്ടുണ്ടോ;

(ബി) എങ്കിൽ ആയതിൻപ്രകാരം എത്ര അപേക്ഷകൾ ലഭിച്ചുവെന്നും എത്ര പേർക്ക് ജോലി നൽകിയെന്നും ജില്ല തിരിച്ചുള്ള പേര് വിവരം ലഭ്യമാക്കാമോ;

(സി) ജനസമ്പർക്ക പരിപാടിയിലൂടെ ഇത്തരത്തിലുള്ള നിയമനം നടത്തുന്നത് ഏത് നിയമത്തിന്റേയും , മാനദണ്ഡത്തിന്റേയും അടിസ്ഥാനത്തിലാണെന്ന് വ്യക്തമാക്കാമോ;

(ഡി) പി.എസ്.സി റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള വികലാംഗരായ ഉദ്യോഗാർത്ഥികളെ നോക്കുകുത്തിയാക്കിയിട്ടുള്ള ഇത്തരം നിയമനം നടത്തുന്നത് ഈ സർക്കാരിന്റെ നയമാണോ?

# കേരള നിയമസഭ
# 18.06.2012-ലെ മറുപടിക്ക്

<u>വികലാംഗർക്കുള്ള ഒഴിവുകൾ</u>

1599 ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർവ്വീസിൽ വികലാംഗർക്ക് എത്ര ശതമാനം ഒഴിവുകൾ സംവരണം ചെയ്തിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ;

(ബി) ഈ സർക്കാർ അധികാരമേറ്റശേഷം എത്ര വികലാംഗർക്ക് നിയമനം നൽകിയിട്ടുണ്ട് എന്ന് അറിയിക്കുമോ;

(സി) 2004 മുതൽ 2010 വരെയുള്ള പ്രസ്തുത നിയമനത്തിലെ ബാക്ക്‌ലോഗ് ഒഴിവുകളുടെ എണ്ണം നികത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 18.06.2012-ലെ മറുപടിക്ക്

<u>പിന്നോക്ക സമുദായങ്ങള്‍ക്ക് സംവരണം ഉറപ്പാക്കല്‍</u>

1600 ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാന സര്‍വ്വീസിലും, പൊതുമേഖലാ സ്ഥാപനങ്ങളിലും, ജുഡിഷ്യല്‍ സ്ഥാപനങ്ങളിലും, പിന്നോക്ക സമുദായങ്ങള്‍ക്ക് സംവരണം കൃത്യമായി ലഭിക്കുന്നുവെന്ന് ഉറപ്പു വരുത്തുവാന്‍ എന്തെല്ലാം സംവിധാനമാണുള്ളത് എന്ന് പറയാമോ ;

(ബി) ഇവ വിലയിരുത്തുന്നതിന് എന്തെങ്കിലും സമിതിയെ നിയോഗിച്ചിട്ടുണ്ടോ ; എങ്കില്‍ വിശദാംശങ്ങള്‍ വെളിപ്പെടുത്തുമോ ;

(സി) മൊത്തം ഒഴിവുകളെ 20-ന്റെ യൂണിറ്റുകള്‍ ആക്കുന്നതിനുപകരം ഒറ്റയൂണിറ്റായി പരിഗണിക്കണമെന്ന നിര്‍ദ്ദേശം പരിഗണനയിലുണ്ടോ ?

# കേരള നിയമസഭ
# 18.06.2012-ലെ മറുപടിക്ക്

<u>പി. എസ്. സി. നിയമനത്തിനുള്ള മാനദണ്ഡങ്ങൾ</u>

1601 ശ്രീ. പി. റ്റി. എ. റഹീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പി.എസ്.സി യിൽ നിയമനം നടത്തുമ്പോൾ 20 ന്റെ യൂണിറ്റുകളായാണോ, 100 ന്റെ യൂണിറ്റുകളായാണോ നിയമനം നടത്തുന്നത്;ഈ രണ്ട് വിധവും തമ്മിൽ വ്യത്യാസമുണ്ടോ;

(ബി) 20-ന്റെ യൂണിറ്റുകളാക്കണമെന്ന് നിയമസഭയുടെ പിന്നോക്കസമുദായ ക്ഷേമ സമിതി ശുപാർശ ചെയ്തിട്ടുണ്ടോ; ഈ ശുപാർശ നടപ്പിലാക്കുന്നതിന് എന്താണ് തടസ്സമെന്ന് പറയാമോ?

# കേരള നിയമസഭ
# 18.06.2012-ലെ മറുപടിക്ക്

<u>പി. എസ്. സി. ജില്ലാതല വെയിറ്റേജ് മാർക്ക്</u>

1602 ശ്രീ. എസ്. രാജേന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പി. എസ്.സി ജില്ലാതല വെയിറ്റേജ് മാർക്ക് ഏതെല്ലാം കാറ്റഗറിക്കാണ് നൽകിവരുന്നതെന്നും ആയത് എത്രയാണെന്നും വ്യക്തമാക്കുമോ;

(ബി) വെയിറ്റേജ് മാർക്ക് നൽകുന്നതുമായി ബന്ധപ്പെട്ട് നിയമപരമായ പ്രശ്നങ്ങൾ നിൽനിർക്കുന്നുണ്ടോ;

(സി) എങ്കിൽ ഈ കാര്യത്തിൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചു; വിശദമാക്കുമോ;

(ഡി) വയനാട്, ഇടുക്കി, കാസർഗോഡ് പോലുള്ള പിന്നോക്ക ജില്ലകളിൽ മറ്റ് ജില്ലകളിൽ നിന്നും ഉദ്യോഗാർത്ഥികൾ വന്ന് പരീക്ഷ എഴുതി ജോലി നോക്കുന്നതായും പ്രസ്തുത ജില്ലക്കാർക്ക് ജോലി കിട്ടാൻ അവസരം കുറയുന്നതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) എങ്കിൽ ആയതു പരിഹരിക്കാൻ ജില്ല മാറി എഴുതുന്ന ഉദ്യോഗാർത്ഥികൾക്ക് പരീക്ഷ എഴുതിയ ജില്ലയിൽ 5 വർഷം ജോലി ചെയ്യണം എന്നത് 10 വർഷമാക്കി വർദ്ധിപ്പിച്ച് ജില്ല മാറി എഴുതുന്നവരുടെ എണ്ണം കുറയ്ക്കുകയും പ്രസ്തുത ജില്ലക്കാർക്ക് ജോലിക്ക് കൂടുതൽ അവസരം ലഭിക്കുകയും ചെയ്യുന്ന കാര്യം പരിഗണിക്കുമോ;

(എഫ്) എങ്കിൽ ആയത് നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ;
വിശദമാക്കുമോ?

# കേരള നിയമസഭ

## 18.06.2012-ലെ മറുപടിക്ക്

പി. എസ്. സി. ലിസ്റ്റിന്റെ അഭാവത്താൽ നടക്കാത്ത നിയമനങ്ങൾ

1603 ശ്രീ. കെ. കെ. ജയചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നിലവിൽ പി. എസ്. സി. ലിസ്റ്റ് ഇല്ലാത്തതിനാൽ ഏതൊക്കെ തസ്തികകളിലാണ് നിയമനം നടക്കാത്തത് എന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത തസ്തികകളിൽ നിയമനം നൽകുന്നതിനായി പി. എസ്.സി പരീക്ഷ നടത്തിയിരുന്നുവോ;

(സി) എങ്കിൽ പി. എസ്.സി ലിസ്റ്റ് തയ്യാറാക്കുന്നതിൽ കാലതാമസം നേരിടുന്നതിന് മതിയായ കാരണമുണ്ടോ;

(ഡി) നിലവിൽ ഒഴിവുകളുള്ള പ്രസ്തുത തസ്തികകളിലേക്ക് നിയമനം നൽകുന്നതിനായി ലിസ്റ്റ് തയ്യാറാക്കാൻ പി. എസ്. സിക്ക് അടിയന്തിര നിർദ്ദേശം നൽകുമോ?

# കേരള നിയമസഭ
## 18.06.2012-ലെ മറുപടിക്ക്

<u>കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പി.എസ്.സി വഴി നടത്തിയ നിയമനം</u>

1604 ശ്രീ. റ്റി.എ. അഹമ്മദ് കബീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം ഇതു വരെ എത്ര പേർക്ക് പി.എസ്.സി വഴി നിയമനം നല്കി എന്ന് വ്യക്തമാക്കുമോ;

(ബി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് എത്ര പേരെ പി.എസ്.സി വഴി നിയമനം നടത്തിയെന്നും വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 18.06.2012-ലെ മറുപടിക്ക്

<u>പി. എസ്. സി പരീക്ഷയ്ക്ക് വെയിറ്റേജ് നൽകുന്ന സമ്പ്രദായം</u>

1605 ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഇപ്പോൾ കഴിഞ്ഞ എൽ. ഡി. സി അടക്കമുള്ള ഏതെങ്കിലും പി.എസ്.സി പരീക്ഷയ്ക്ക് വെയിറ്റേജ് നൽകുന്ന സമ്പ്രദായം നടപ്പിലാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ;

(ബി) കോടതിയുടെ എന്തെങ്കിലും ഇടപെടൽ ഉണ്ടായിട്ടുണ്ടെങ്കിൽ അതിനെതിരെ അപ്പീൽ സമർപ്പിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള നടപടി സ്വീകരിക്കുമോ;

(സി) ജില്ലാതല പരീക്ഷയ്ക്ക് ഒന്നിൽ കൂടുതൽ ജില്ലകളിൽ പരീക്ഷ എഴുതുന്നത് തടയാൻ എന്തെല്ലാം സംവിധാനമാണ് നിലവിലുള്ളത് എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 18.06.2012-ലെ മറുപടിക്ക്

<u>ഡൽഹി കേരള ഹൗസിലെ നിയമനങ്ങൾ</u>

1606 ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഡൽഹി കേരള ഹൗസിൽ പിൻവാതിൽ നിയമനങ്ങൾ നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഡൽഹി കേരള ഹൗസിലെ മുഴുവൻ നിയമനങ്ങളും പി. എസ്. സിക്ക് വിടാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ എന്തൊക്കെ നടപടികളാണ് ഇത് സംബന്ധിച്ച് സ്വീകരിച്ചിട്ടുള്ളത് എന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
# 18.06.2012-ലെ മറുപടിക്ക്

പി.എസ്.സി. റാങ്ക് ലിസ്റ്റുകളുടെ കാലാവധി

1607 ശ്രീ. കെ.എൻ.എ. ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം പി.എസ്.സി.-യുടെ എത്ര റാങ്കുലിസ്റ്റുകളുടെ കാലാവധി നീട്ടുകയുണ്ടായി ;

(ബി) എത്ര പുതിയ നിയമനങ്ങൾ നടന്നു ; പി.എസ്.സി. ഓരോ ജില്ലകളിലും പ്രത്യേക നിയമനങ്ങൾ നടത്താറുണ്ടോ ; എങ്കിൽ കഴിഞ്ഞവർഷം ഏതൊക്കെ ജില്ലകളിൽ എത്രപേരെ നിയമിച്ചുയെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 18.06.2012-ലെ മറുപടിക്ക്

പി.എസ്.സി റാങ്ക് ലിസ്റ്റിന്റെ കാലാവധി നീട്ടുന്നതിന് നടപടി

1608 ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം പി.എസ്.സി റാങ്ക് ലിസ്റ്റിന്റെ കാലാവധി നീട്ടി നൽകിയിട്ടുണ്ടോ;

(ബി) എങ്കിൽ ഏതൊക്കെ റാങ്ക് ലിസ്റ്റുകൾ എത്ര തവണ നീട്ടി നൽകിയിട്ടുണ്ട്;

(സി) റാങ്ക് ലിസ്റ്റ് നീട്ടിയതിന്റെ അടിസ്ഥാനത്തിൽ ഓരോ തസ്തികയിലും എത്ര പേർക്ക് അധികമായി നിയമനം നൽകാൻ കഴിഞ്ഞിട്ടുണ്ടെന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
## 18.06.2012-ലെ മറുപടിക്ക്

പി.എസ്.സി.യിൽ പുതിയ തസ്തികകൾ
അനുവദിക്കാൻ നടപടി

1609 ശ്രീ. മോൻസ് ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പി.എസ്.സി.യുടെ പ്രവർത്തനം കാര്യക്ഷമമാക്കാൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(ബി) പി.എസ്.സി.യുടെ പ്രർത്തനം മെച്ചപ്പെടുത്തുന്നതിനായി പി.എസ്.സി. ആവശ്യപ്പെട്ടിരുന്ന പുതിയ തസ്തികകൾ സർക്കാർ അനുവദിച്ച് നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിക്കുമോ;

(സി) റാങ്ക് ലിസ്റ്റുകൾ പ്രസിദ്ധീകരിക്കാൻ വൈകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് പരിഹരിക്കുന്നതിന് എന്തു നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 18.06.2012-ലെ മറുപടിക്ക്

കൊല്ലം ജില്ലയിൽ ലോവർ ഡിവിഷൻ ക്ലാർക്ക് തസ്തികയിലെ ഒഴിവുകൾ

1610 ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിൽ ലോവർ ഡിവിഷൻ ക്ലാർക്ക് തസ്തികയിൽ നിലവിലുള്ള ഒഴിവുകളുടെ എണ്ണം എത്രയാണ് ;

(ബി) പ്രസ്തുത ഒഴിവുകൾ എല്ലാം പി.എസ്.സിയ്ക്ക് റിപ്പോർട്ട് ചെയ്യാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(സി) പ്രസ്തുത തസ്തികയിൽ നിലവിലുള്ള പി.എസ്.സി. റാങ്ക് ലിസ്റ്റിൽ നിന്നും എത്ര പേർക്ക് നാളിതുവരെ നിയമന ശുപാർശ നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 18.06.2012-ലെ മറുപടിക്ക്

<u>വയനാട് ജില്ല എൽ.പി.എസ്.എ. നിയമനം</u>

1611 ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിൽ എൽ. പി. സ്കൂൾ അസിസ്റ്റന്റ് തസ്തികയിൽ പി.എസ്.സി വഴി അവസാനം അഡ്വൈസ് ചെയ്തത് എന്നാണ്;

(ബി) പ്രസ്തുത തസ്തികയിലേക്ക് അവസാനം അഡ്വൈസ് നൽകിയ ഉദ്യോഗാർത്ഥിയുടെ റൊട്ടേഷൻ ക്രമനമ്പർ എത്ര എന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 18.06.2012-ലെ മറുപടിക്ക്

കോഴിക്കോട് ജില്ലയിലെ എൽ. പി. എസ്. എ. റാങ്ക് ലിസ്റ്റ്

1612 ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ എൽ. പി. എസ്. എ. (മലയാളം മീഡിയം) തസ്തികയിലെ നിയമനത്തിനായുള്ള പി. എസ്. സി. റാങ്ക് ലിസ്റ്റ് നിലവിലുണ്ടോ;

(ബി) ഉണ്ടെങ്കിൽ ലിസ്റ്റ് എന്നാണ് നിലവിൽവന്നതെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത ലിസ്റ്റിൽ നിന്ന് ആർക്കെങ്കിലും നിയമന ശുപാർശ നൽകിയിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ വിശദാംശം നൽകുമോ;

(ഇ) പ്രസ്തുത തസ്തികയിൽ നിലവിൽ ഒഴിവുകളുണ്ടോയെന്നും ഉണ്ടെങ്കിൽ എല്ലാ ഒഴിവുകളും പി. എസ്. സിയ്ക്ക് റിപ്പോർട്ട് ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ എന്നും വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 18.06.2012-ലെ മറുപടിക്ക്

<u>കണ്ണൂർ ജില്ലയിൽ നിലവിലുള്ള റാങ്ക് ലിസ്റ്റുകളിൽ നിന്നുമുള്ള നിയമനങ്ങൾ</u>

1613 ശ്രീ. സി. കൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിൽ നിലവിലുള്ള റാങ്ക് ലിസ്റ്റുകളിൽ നിന്നും നാളിതുവരെയായി എത്ര നിയമനങ്ങൾ നടന്നിട്ടുണ്ടെന്ന് പറയാമോ;

(ബി) റാങ്ക് ലിസ്റ്റുകൾ നിലവിലുണ്ടായിട്ടും പല വകുപ്പുകളിലും താൽക്കാലിക ദിവസവേതനാടിസ്ഥാനത്തിൽ നിയമനം നടത്തുന്നത് അവസാനിപ്പിക്കാൻ നടപടികൾ സ്വീകരിക്കുമോ;

# കേരള നിയമസഭ
# 18.06.2012-ലെ മറുപടിക്ക്

നെയ്യാറ്റിൻകര മണ്ഡലത്തിൽ നിന്നും ധനസഹായത്തിനുള്ള അപേക്ഷ

1614 ശ്രീമതി ജമീലാ പ്രകാശം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്ന് ധനസഹായത്തിനായി നടപ്പ് സാമ്പത്തിക വർഷത്തിൽ നെയ്യാറ്റിൻകര മുൻസിപ്പാലിറ്റിയിലും, അതിയന്നൂർ, തിരുപുറം, കുളത്തൂർ, ചെങ്കൽ, കാരോട് എന്നീ പഞ്ചായത്തികളിലും നിന്നായി എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട് ;

(ബി) പ്രസ്തുത അപേക്ഷകൾ ലഭിച്ച തീയതിയും ആയതിന്മേൽ സ്വീകരിച്ച നടപടികളും അപേക്ഷകരെ സംബന്ധിച്ച വിശദാംശങ്ങളും വ്യക്തമാക്കാമോ ?

# കേരള നിയമസഭ
# 18.06.2012-ലെ മറുപടിക്ക്

ജനസമ്പര്‍ക്ക പരിപാടി ജില്ല തിരിച്ചുള്ള വിശദാംശങ്ങള്‍

1615 ശ്രീ. കോടിയേരി ബാലകൃഷ്ണന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ഈ സര്‍ക്കാര്‍ അധികാരമേറ്റ ശേഷം മുഖ്യമന്ത്രിയുടെ ജനസമ്പര്‍ക്ക പരിപാടി ഓരോ ജില്ലയിലും എത്ര തവണ വീതം സംഘടിപ്പിച്ചുവെന്ന് വെളിപ്പെടുത്താമോ ;

(ബി) ഈ പരിപാടിയില്‍ ആകെ എത്ര പരാതികള്‍ ലഭ്യമായെന്നും, അന്തിമ തീര്‍പ്പു കല്‍പ്പിച്ചുവെന്നും വെളിപ്പെടുത്താമോ ;

(സി) പ്രസ്തുത പരിപാടിയില്‍ ലഭ്യമായ പരാതികളുടെ അടിസ്ഥാനത്തില്‍ ഗവണ്‍മെന്റ് സെക്രട്ടേറിയറ്റിലും, വകുപ്പ് തലവന്മാരുടെ ഓഫീസുകളിലും, ജില്ലാ കളക്ടറേറ്റുകളിലും ഇതിനകം എത്ര ഫയലുകള്‍ ആരംഭിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ ;

(ഡി) ഈ ഫയലുകളില്‍ അന്തിമ തീര്‍പ്പ് കല്‍പ്പിച്ചവ എത്രയെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 18.06.2012-ലെ മറുപടിക്ക്

മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടിയിൽ മലപ്പുറം ജില്ല യിൽ നിന്നുള്ള അപേക്ഷകൾ

1616 ഡോ. കെ. ടി. ജലീൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടിയിൽ മലപ്പുറം ജില്ലയിൽ എത്ര അപേക്ഷകളാണുള്ളത്; വ്യക്തമാക്കുമോ;

(ബി) അതിൽ എത്ര അപേക്ഷകളിന്മേലാണ് ഇതിനോടകം തീർപ്പ് കൽപ്പിച്ചിട്ടുള്ളത്; വിശദമാക്കുമോ?

# കേരള നിയമസഭ
## 18.06.2012-ലെ മറുപടിക്ക്

<u>പൊതുജനസമ്പർക്ക പരിപാടിയിൽ ആലത്തൂർ താലൂക്കിൽ നിന്നുള്ള അപേക്ഷകൾ</u>

1617 ശ്രീ. എം. ചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ പൊതുജനസമ്പർക്ക പരിപാടിയിൽ ആലത്തൂർ താലൂക്കിൽ നിന്നും എത്ര അപേക്ഷകൾ ലഭ്യമായിട്ടുണ്ട് ; വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത അപേക്ഷകളിന്മേൽ ഇനിയും പരിഹാരം കാണാത്ത എത്ര അപേക്ഷകൾ ഉണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) ആയതിന് പരിഹാരം കാണുന്നതിനുള്ള എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദമാക്കുമോ ?

# കേരള നിയമസഭ
## 18.06.2012-ലെ മറുപടിക്ക്

<u>കാസർഗോഡ് ജില്ലയിലെ ജനസമ്പർക്ക പരിപാടി</u>

1618 ശ്രീ. ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടിയിൽ കാസർകോട് ജില്ലയിൽ നിന്നും എത്ര പരാതികളാണ് ലഭിച്ചത്; ആയത് ഇനം തിരിച്ച് വ്യക്തമാക്കാമോ;

(ബി) ആയതിൽ എത്ര എണ്ണം തീർപ്പു കൽപ്പിച്ചു എന്ന് വ്യക്ത മാക്കാമോ?

# കേരള നിയമസഭ
## 18.06.2012-ലെ മറുപടിക്ക്

ജനസമ്പർക്ക പരിപാടിയുടെ ഇവാലുവേഷൻ

1619 ശ്രീ. മുല്ലക്കര രത്നാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യ മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ജനസമ്പർക്ക പരിപാടിയുമായി ബന്ധപ്പെട്ട് ലഭിച്ചിട്ടുള്ള പരാതികളിൽ ഭൂരിപക്ഷവും തുടർ നടപടികൾ ഇല്ലാതെ കിടക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ജനസമ്പർക്ക പരിപാടിയുടെ ഇവാല്യുവേഷൻ നിർവ്വഹിക്കുവാൻ സംവിധാനം ഏർപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ ?

# കേരള നിയമസഭ
# 18.06.2012-ലെ മറുപടിക്ക്

<u>സ്വാതന്ത്ര്യസമര പെന്‍ഷന്‍</u>

1620 ശ്രീമതി ഗീതാ ഗോപി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാന സര്‍ക്കാരിന്റെ സ്വാതന്ത്ര്യസമര പെന്‍ഷന്‍ എത്ര പേര്‍ക്ക് നല്‍കിവരുന്നു എന്നറിയിക്കുമോ;

(ബി) പെന്‍ഷന്‍ അവസാനമായി പുതുക്കി നിശ്ചയിച്ചത് എന്നാണ്; വ്യക്തമാക്കുമോ;

(സി) സംസ്ഥാന പെന്‍ഷന്‍ കേന്ദ്ര പെന്‍ഷന് തുല്യമാക്കുന്നതിനുള്ള നിര്‍ദ്ദേശം പരിഗണനയിലുണ്ടോ?

# കേരള നിയമസഭ
## 18.06.2012-ലെ മറുപടിക്ക്

<u>മുഖ്യമന്ത്രിയുടെ ജനസമ്പര്‍ക്ക പരിപാടി</u>

1621 ശ്രീമതി കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) മുഖ്യമന്ത്രിയുടെ ജനസമ്പര്‍ക്ക പരിപാടി എല്ലാ ജില്ലയിലും നടന്നുവോ; ആയതുവഴി എത്ര പേരെ നേരില്‍ കണ്ടു;

(ബി) പ്രസ്തുത പരിപാടിയുമായി ബന്ധപ്പെട്ട് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയില്‍ നിന്നും ചികിത്സയുടെ പേരിലും അല്ലാതെയും ചെലവഴിച്ച തുക എത്ര; ഇപ്പോള്‍ ദുരിതാശ്വാസനിധിയില്‍ അവശേഷിക്കുന്ന തുക എത്ര;

(സി) പ്രസ്തുത പരിപാടി നടന്നതുവഴി ഓരോ ജില്ലയ്ക്കും ചെലവ് വന്ന തുക എത്ര; ഇതിന്റെ മറവില്‍ ചില ഉദ്യോഗസ്ഥര്‍ സാമ്പത്തിക ധൂര്‍ത്ത് നടത്തിയതായി ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ; എങ്കില്‍ ആയതിന്റെ വിശദാംശം വ്യക്താക്കുമോ?

# കേരള നിയമസഭ
## 18.06.2012-ലെ മറുപടിക്ക്

<u>ദുരിതാശ്വാസനിധിയിൽ നിന്നും അനുവദിക്കുന്ന ചികിത്സാധനസഹായം കൈപ്പറ്റാൻ കഴിയാത്തതു സംബന്ധിച്ച പരാതികൾ</u>

1622 ശ്രീ. കെ. രാധാകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിക്കുന്ന ചികിത്സാധനസഹായം ബന്ധപ്പെട്ട ആഫീസുകളിൽ നിന്നും യഥാസമയം അറിയിപ്പ് ലഭിക്കാത്തതിനാൽ കൈപ്പറ്റാൻ കഴിയാത്തതു സംബന്ധിച്ച് പരാതികൾ ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ അതിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

# കേരള നിയമസഭ
## 18.06.2012-ലെ മറുപടിക്ക്

<u>മാവേലിക്കര മണ്ഡലത്തിൽ ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിച്ച തുക</u>

1623 ശ്രീ. ആർ. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര നിയോജക മണ്ഡലത്തിൽ 2011 ജൂൺ മുതൽ 2012 ഏപ്രിൽ 30 വരെ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും തുക അനുവദിക്കുന്നതിനായി എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട്;

(ബി) എത്ര അപേക്ഷകൾക്ക് തുക അനുവദിച്ചു; എത്രയെണ്ണം വിതരണം ചെയ്തു; വിശദമാക്കുമോ?

# കേരള നിയമസഭ

## 18.06.2012-ലെ മറുപടിക്ക്

<u>ജനസമ്പർക്ക പരിപാടിയിലൂടെ ദുരിതാശ്വാസ നിധിയിൽ നിന്ന് നൽകിയ സാമ്പത്തിക സഹായം</u>

1624 ശ്രീ. എം. ഉമ്മർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ജനസമ്പർക്ക പരിപാടിയിലൂടെ ലഭിച്ച പരാതികളിൽ സർക്കാർ ഉദ്യോഗസ്ഥരുടെ അലംഭാവം മൂലം പരിഹാരം കാണാത്തവ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ വർഷം ജനസമ്പർക്ക പരിപാടിയുടെ വിലയിരുത്തൽ നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) ജനസമ്പർക്ക പരിപാടിയിലൂടെ ദുരിതാശ്വാസ നിധിയിൽ നിന്ന് നൽകിയ ഏറ്റവും ഉയർന്ന സാമ്പത്തിക സഹായം എത്രയായിരുന്നു എന്ന് അറിയിക്കുമോ?

# കേരള നിയമസഭ
# 18.06.2012-ലെ മറുപടിക്ക്

<u>സർക്കാർ ചീഫ് വിപ്പിന്റെ ഓഫീസ്</u>

1625 ശ്രീ. കെ. വി. അബ്ദുൾ ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ ചീഫ് വിപ്പിന്റെ ഔദ്യോഗിക വസതി ഏതാണ്;

(ബി) ചീഫ് വിപ്പിന്റെ പേഴ്സണൽ സ്റ്റാഫിനായി മാസം തോറും ചെലവിടുന്ന സംഖ്യ എത്രയാണ്?

# കേരള നിയമസഭ
## 18.06.2012-ലെ മറുപടിക്ക്

<u>സ്റ്റേറ്റ് ഹോസ്പിറ്റാലിറ്റി ഇനത്തിൽ കഴിഞ്ഞ സാമ്പത്തിക വർഷം ചെലവഴിച്ച തുക</u>

1626 ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്റ്റേറ്റ് ഹോസ്പിറ്റാലിറ്റി ഇനത്തിൽ കഴിഞ്ഞ സാമ്പത്തിക വർഷം എത്ര തുകയാണ് ചെലവഴിച്ചത്;

(ബി) കഴിഞ്ഞ ഒരു വർഷത്തിൽ ആരെയെല്ലാമാണ് സ്റ്റേറ്റ് അതിഥികളായി പരിഗണിച്ചത്; അവരിൽ ഓരോരുത്തർക്കും എത്ര തുക ചെലവഴിച്ചു?

# കേരള നിയമസഭ
## 18.06.2012-ലെ മറുപടിക്ക്

<u>വിദ്യാഭ്യാസ വായ്പ ലഭ്യമാക്കാൻ നടപടി</u>

1627 ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം വിദ്യാഭ്യാസ വായ്പ നിഷേധിച്ചതുമായി ബന്ധപ്പെട്ട് എത്ര പേർ ആത്മഹത്യ ചെയ്തിട്ടുണ്ട്;

(ബി) വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ വായ്പ വേഗത്തിൽ ലഭ്യമാക്കുവാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്?

## കേരള നിയമസഭ
## 18.06.2012-ലെ മറുപടിക്ക്

<u>മലയാളം ഒന്നാംഭാഷ</u>

1628 ശ്രീ. പാലോട് രവി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മലയാളം ഒന്നാംഭാഷയാക്കിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചത് എന്നാണ് ;

(ബി) ആയതിനുശേഷം മലയാളം ഒന്നാംഭാഷയാക്കുന്നതിനുവേണ്ടി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; വിശദമാക്കുമോ ?

# കേരള നിയമസഭ
## 18.06.2012-ലെ മറുപടിക്ക്

ഗുരുവായൂർ തിരുനാവായ പാത

1629 ശ്രീ. കെ. വി. അബ്ദുൾ ഖാദർ

താഴെ കാണുന്ന ചോദ്യത്തിന്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ ഒരു ഉന്നതതല യോഗം ഗുരുവായൂർ തിരുനാവായ പാതയുടെ സ്ഥലമെടുപ്പിനായി വിളിച്ചുചേർക്കുമോ?

# കേരള നിയമസഭ
## 18.06.2012-ലെ മറുപടിക്ക്

കേരള കേഡറിലുള്ള ഐ.എ.എസ്. ഉദ്യോഗസ്ഥര്‍

1630

ശ്രീ. എന്‍. ഷംസുദ്ദീന്‍

താഴെ കാണുന്ന ചോദ്യത്തിന്
**മുഖ്യമന്ത്രി**
സദയം മറുപടി നല്‍കുമോ:

സംസ്ഥാനത്തിന് പുറത്ത് കേരള കേഡറിലുള്ള ഐ.എ.എസ്.കാരുടെ പേരും മറ്റു വിശദാംശങ്ങളും വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 18.06.2012-ലെ മറുപടിക്ക്

<u>സംസ്ഥാനത്ത് അദ്ധ്യാപകരും ജീവനക്കാരുമായി മൊത്തം സര്‍വ്വീസിലുള്ള ജീവനക്കാര്‍</u>

1631

ശ്രീ. കെ. ദാസന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്ത് അദ്ധ്യാപകരും ജീവനക്കാരുമായി മൊത്തം എത്ര പേര്‍ നിലവില്‍ സര്‍വ്വീസിലുണ്ട്;

(ബി) 2012 ഫെബ്രുവരി 28 ന് സംസ്ഥാനത്ത് എത്ര ജീവനക്കാരും അദ്ധ്യാപകരുമാണ് പണിമുടക്കുകയോ ഓഫീസില്‍ നിന്ന് വിട്ടുനില്‍ക്കുകയോ ചെയ്തത്;

(സി) പണിമുടക്കില്‍ ജീവനക്കാരുടെ വലിയ തോതിലുള്ള പങ്കാളിത്തം ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ ?

# കേരള നിയമസഭ
## 18.06.2012-ലെ മറുപടിക്ക്

<u>വിരമിക്കേണ്ടിയിരുന്ന ജീവനക്കാരുടെ എണ്ണം</u>

1632 ശ്രീ. എളമരം കരീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ മാർച്ച് 31-ന് സംസ്ഥാന സർവ്വീസിൽ നിന്ന് വിരമിക്കേണ്ടിയിരുന്ന ജീവനക്കാരുടെ എണ്ണം എത്രയെന്ന് വ്യക്തമാക്കാമോ ;

(ബി) സൂപ്പർ ന്യൂമററി തസ്തിക സൃഷ്ടിച്ച് പി.എസ്.സിയ്ക്ക് റിപ്പോർട്ട് ചെയ്തതിന്റെ എണ്ണം വ്യക്തമാക്കാമോ ;

(സി) ആയതിൽ എത്ര തസ്തികകളിൽ നിയമനം നടന്നു എന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 18.06.2012-ലെ മറുപടിക്ക്

<u>ഗണിത ശാസ്ത്ര വിഷയങ്ങളിൽ പരിശീലനവും ഗവേഷണവും</u>

1633 ശ്രീ. ബെന്നി ബെഹനാൻ
,, പാലോട് രവി
,, ഷാഫി പറമ്പിൽ
,, തേറമ്പിൽ രാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ശാസ്ത്ര ഗണിത വിഷയങ്ങളിൽ പരിശീലനവും, ഗവേഷണവും പരിപോഷിപ്പിക്കുന്നതിനായി എന്തെല്ലാം കർമ്മ പദ്ധതികളാണ് ആസൂത്രണം ചെയ്തിരിക്കുന്നത്;

(ബി) ഇതിനായി ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിന്റെ ആഭിമുഖ്യത്തിൽ ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുന്ന കാര്യം പരിഗണിക്കുമോ; വിശദമാക്കുമോ;

(സി) എങ്കിൽ എവിടെയാണ് ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കാനുദ്ദേശിക്കുന്നത്;

(ഡി) ആയത് സംബന്ധിച്ച് ധാരണാപത്രം ഒപ്പിട്ടിട്ടുണ്ടോ; വിശദമാക്കുമോ?